LIBRARY ARCHIVES Kerala Legislative Assembly

പട്ടികവിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി

17 [597] *ശ്രീ. വി. കെ. ചന്ദ്രൻ:*

,, *കെ. കെ. ജയചന്ദ്രൻ:*

,, *കെ. രാധാകൃഷ്ണൻ:*

,, *പി. സി. ജോർജ്ജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവിഭാഗം വിദ്യാർത്ഥികളുടെ ഈ സ്കൂൾ വർഷത്തേക്കുള്ള വിദ്യാഭ്യാസ ധനസഹായം വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) കഴിഞ്ഞ സ്കൂൾ വർഷത്തിൽ നൽകേണ്ടിയിരുന്ന ലംപ്സംഗ്രാന്റും ഫീസ് ആനുകൂല്യങ്ങളുമായി എന്തു തുക കുടിശ്ശിക നൽകാനുണ്ട്;

(സി) പട്ടികവിഭാഗം വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ മെസ് അലവൻസ് ഇനത്തിൽ കരാറുകാർക്ക് എന്തു തുക കുടിശ്ശിക ഉണ്ട്; ഈ കുടിശ്ശിക നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ എഞ്ചിനീയറിംഗിനും, മെഡിസിനും പഠിക്കുന്ന പട്ടിക വിഭാഗം വിദ്യാർത്ഥികളുടെ ഫീസിനത്തിൽ ഒരു വിദ്യാർത്ഥിക്ക് നൽകുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ ഫീസ് യഥാസമയം നൽകാത്തതുമൂലം വിദ്യാർത്ഥികളെ കോളേജുകളിൽ നിന്ന് പുറത്താക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രശ്നപരിഹാരത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അദ്ധ്യയന വർഷാരംഭത്തിൽ തന്നെ നടപ്പ് വർഷത്തേക്കുള്ള ലംപ്സംഗ്രാന്റും, 4 മാസത്തെ സ്റ്റൈപെന്റും മുൻകൂറായി പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് അനുവദിച്ചു നൽകുന്നതിനുവേണ്ട എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഈ ആനുകൂല്യത്തെ ട്രഷറി നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) മെസ് അലവൻസ് ഇനത്തിൽ കരാറുകാർക്ക് നൽകുവാൻ കുടിശ്ശിക ഒന്നും ഇല്ല.

(ഡി) 2005-2006 വർഷം മുതൽ ജസ്റ്റിസ് കെ. റ്റി. തോമസ് കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2-7-2005-ലെ സ.ഉ. (എം. എസ്.) നം. 28/05/പജാ. പവ.വിവ. സർക്കാർ ഉത്തരവ് പ്രകാരം ഓരോ വിദ്യാർത്ഥിക്കും ലഭിക്കുന്ന ഫീസിന്റെ വിവരം താഴെ ചേർക്കുന്നു:

എഞ്ചിനീയറിംഗ്	..	38,700
എം. ബി. ബി. എസ്.	..	1,13,000
ബി. ഡി.എസ്.	..	76,000
ആയുർവേദം	..	45,500
ബി. ഫാം.	..	35,000
ബി. എസ് സി. നഴ്സിംഗ്	..	49,400
ബി. എസ്. എം. എസ്.	..	40,500

(ഇ) ഉണ്ട്. 2004-2005-ൽ സർക്കാർ നിരക്കിലുള്ള ഫീസാണ് അനുവദിച്ചിരുന്നത്. മാനേജ്മെന്റ് കുട്ടികളിൽ നിന്നും ഉയർന്ന നിരക്കിലുള്ള ഫീസ് ആവശ്യപ്പെട്ടതിനെ തുടർന്നാണ് കെ. റ്റി. തോമസ് കമ്മീഷൻ ശുപാർശ ചെയ്ത ഫീസ് നിരക്ക് അനുവദിച്ചത്.

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം യഥാസമയം നൽകാൻ നടപടി

18 [598] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-2005 സാമ്പത്തികവർഷം ആകെ എത്രകോടി രൂപ വിദ്യാഭ്യാസ ആനുകൂല്യമായി പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ കൊടുത്തുതീർക്കാനുള്ള എത്ര കോടി രൂപ ഇനി വിതരണം നടത്താനുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) വിദ്യാഭ്യാസാനുകൂല്യം യഥാസമയം ലഭിക്കാത്തതുമൂലം ക്ലാസ്സുകളിൽ വിദ്യാർത്ഥികൾ അനുഭവിക്കുന്ന മാനസിക വിഷമം തരണം ചെയ്യാൻ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 2004-2005 സാമ്പത്തികവർഷത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് വിദ്യാഭ്യാസത്തിന് 10.32 കോടി രൂപയും പോസ്റ്റ്മെട്രിക് വിദ്യാഭ്യാസത്തിന് 62.09 കോടി രൂപയും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആകെ 7,44,89,591 രൂപയും വിദ്യാഭ്യാസാനുകൂല്യമായി നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly